LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ.-മാർക്ക് ഐഡിയാസ് പാസ്‌വേഡ് നൽകാൻ നടപടി

8 (2822) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-ഫയലിംഗ് നടപ്പിലാക്കിയപ്പോൾ എം.എൽ.എ.-മാർക്ക് ഫയൽ ഫോളോ അപ് നടത്തുന്നതിന് വലിയ പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഐഡിയാസ് വഴി ഫയലിന്റെ നീക്കം കണ്ടുപിടിക്കുന്നതിന് എം.എൽ.എ.-മാർക്ക് പാസ് വേഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; ഇതിന്റെ പ്രധാന തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ;

(സി) ഐഡിയാസിൽ ഇ-ഫയലിംഗിന്റെ ഭാഗമായി എം.എൽ.എ. മാർക്ക് പാസ് വേഡ് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. ബഹു. മുഖ്യമന്ത്രിക്ക് നൽകിയ 9067/VIP/CM/14 dated 10-10-2014-ലെ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം വിശദമായി പരിശോധിക്കുകയും ഇ-ഓഫീസ് സോഫ്റ്റ്‌വെയർ വികസിപ്പിച്ച എൻ.ഐ.സി.-യുമായി ചർച്ച നടത്തുകയും ചെയ്തു. തുടർന്ന് ഐഡിയാസിന്റെ മാതൃകയിൽ ഇ-ഓഫീസിൽനിന്നും പൊതുജനങ്ങൾക്ക് ഉൾപ്പെടെ എല്ലാവർക്കും ഫയൽ സംബന്ധിച്ച വിവരം ലഭ്യമാകുന്ന സിറ്റിസൺ ഇന്റർഫേസ്, ഡിജിറ്റൽ ഇന്ത്യാ വാരാചരണത്തിന്റെ ഭാഗമായി ജൂലൈ 6-ന് നിലവിൽവന്നു. ഇന്റർനെറ്റിലെ http://eoffice.kerala.gov.in. എന്ന യു.ആർ.എൽ. മുഖാന്തിരം പൊതുജനങ്ങൾക്ക് ഇത് ലഭ്യമാക്കുന്നതാണ്.

ഭരണഭാഷ മലയാളത്തിലാക്കിയതിന്റെ അവലോകനം

9 (2823) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണഭാഷ മലയാളമാക്കിയതിനുശേഷം നിലവിലുള്ള ഏതെല്ലാം വകുപ്പുകളിലെ നിയമങ്ങളും ഉത്തരവുകളുമാണ് മലയാളമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഇപ്പോഴും ഇംഗ്ലീഷ് ഭാഷതന്നെ ഉപയോഗിക്കുന്ന വകുപ്പുകൾ ഏതൊക്കെയെന്ന് പരിശോധിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) ഭരണഭാഷ മലയാളമാക്കുന്നതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വകുപ്പ് തലവൻമാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളസർക്കാർ ഇതുവരെ മലയാളം ഔദ്യോഗിക ഭാഷയാക്കിയിട്ടില്ലാത്ത കേരളത്തിൽ നിലവിലുള്ള എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണ വകുപ്പുകളിലും ഇനി രൂപീകരിക്കപ്പെടുന്ന എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/ സഹകരണ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമപരമായി ഇംഗ്ലീഷും സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴും കന്നഡയും ഔദ്യോഗിക ഭാഷയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള പ്രത്യേക സാഹചര്യങ്ങളിലൊഴികെ എല്ലാ ഔദ്യോഗികാവശ്യങ്ങൾക്കും മലയാളം ഉപയോഗിക്കേണ്ടതാണെന്ന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) എല്ലാ വകുപ്പുകളിലും ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നതിനായി പരിശോധന നടത്തിവരുന്നു. 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1969-ലെ 7) 1 ബി വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് ഇംഗ്ലീഷിൽ കത്തിടപാടുകൾ നടത്തേണ്ട കേന്ദ്രസർക്കാർ, കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ, ഹൈക്കോടതി, സുപ്രീം കോടതി, അന്യസംസ്ഥാനങ്ങൾ, അന്യരാജ്യങ്ങൾ, സംസ്ഥാനത്തെ ന്യൂനപക്ഷ ഭാഷകളായ തമിഴ്, കന്നഡ അല്ലാതെയുള്ള മറ്റ് ഭാഷാന്യൂനപക്ഷക്കാരുമായുള്ള കത്തിടപാടുകൾ, ഇംഗ്ലീഷ് ഉപയോഗിക്കണമെന്ന് ഏതെങ്കിലും നിയമത്തിലെ പ്രത്യേക പരാമർശമുള്ള സംഗതികൾ എന്നീ സാഹചര്യങ്ങളിൽ ഇംഗ്ലീഷിലുള്ള കത്തിടപാടുകൾ നടത്താൻ അനുമതി നൽകിയപ്പോഴും അവയുടെ കുറിപ്പഥയൽ നിർബന്ധമായും മലയാളത്തിലായിരിക്കണമെന്ന് വ്യവസ്ഥചെയ്ത് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ കേരളത്തിലെ എല്ലാ വകുപ്പുകളിലും സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ/പൊതുമേഖല/ സഹകരണ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ബാധകമാണ്.

(സി) ഇല്ല.

കരുണ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വാഹനം

10 (2824) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ഏപ്രിലിൽ എറണാകുളത്ത് നടന്ന ജനസമ്പർക്ക പരിപാടിയിൽ നായരമ്പലം കരുണ സ്പെഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വാഹനം അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly